പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1644** **01-07-2026-ൽ മറുപടിയ്ക്ക്**

## <u>2016 മുതൽ 2026 വരെ പട്ടികജാതി-പട്ടികവർഗ്ഗ പദ്ധതികൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെലവാക്കിയ തുക</u>

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** 2016 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗ പദ്ധതികൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വകയിരുത്തിയ തുകയുടെയും ചെലവായ തുകയുടെയും വിവരങ്ങൾ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 2016 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗ പദ്ധതികൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വകയിരുത്തിയ തുകയുടെയും ചെലവായ തുകയുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

<u>അനുബന്ധം</u>

(എ)

| Financial Year | Total Budget Allocation of SCP Fund (Amount in Lakh) | Total Budget Allocation of TSP Fund (Amount in Lakh | SCP Fund Expenditure (Amount in Lakh) | TSP Fund Expenditure (Amount in Lakh) |
|---|---|---|---|---|
| 2016-17 | 103928.87 | 15599.92 | 70916.24 | 10752.88 |
| 2017-18 | 117205 | 17602.11 | 93014.88 | 13595.69 |
| 2018-19 | 128926 | 19360 | 105781.04 | 15129.34 |
| 2019-20 | 130785.22 | 19608 | 73504.2 | 11050.78 |
| 2020-21 | 122115 | 18310 | 110458.29 | 16383.14 |
| 2021-22 | 122115 | 18310 | 108304.78 | 16448.51 |
| 2022-23 | 134130 | 20155 | 112769.2 | 17380.49 |
| 2023-24 | 134130 | 20155 | 93019.85 | 14012.95 |

| | | | | |
|---|---|---|---|---|
| 2024-25 | 134130 | 20155 | 114125.42 | 17160.79 |
| 2025-26 | 143525 | 21574 | 86134.18 | 13484.8 |
| **Total** | **1270990.09** | **190829.03** | **968028.08** | **145399.37** |

**(ബി)** 2016-2026 കാലയളവിൽ പട്ടിജാതി-പട്ടികവർഗ്ഗ പദ്ധതികൾക്കായി ജനസംഖ്യാനുപാതികമായി നൽകേണ്ട തുക വകയിരുത്തിയിട്ടുണ്ടോ; വകയിരുത്തിയ ഫണ്ടിൽ എത്ര ശതമാനമാണ് ഈ കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിച്ചത് ;

**<u>മറുപടി:</u>** 2016-2026 കാലയളവിൽ പട്ടികജാതി - പട്ടികവർഗ്ഗ ഉപപദ്ധതികൾക്കായി ജനസംഖ്യാനുപാതത്തേക്കാൾ ഉയർന്ന പ്ലാൻ വിഹിതം സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി ജനസംഖ്യ 9.10 ശതമാനമായിരുന്നപ്പോൾ സംസ്ഥാന പദ്ധതി അടങ്കലിൽ നിന്നും പട്ടികജാതി ഉപപദ്ധതിയിലേക്കുള്ള വിഹിതം 9.81 ശതമാനമായിരുന്നു. അതുപോലെ പട്ടികവർഗ്ഗ ജനസംഖ്യ 1.45 ശതമാനമായിരുന്നപ്പോൾ സംസ്ഥാന പദ്ധതി അടങ്കലിൽ നിന്നും പട്ടികവർഗ്ഗ ഉപപദ്ധതിയിലേക്കുള്ള വിഹിതം 2.83 ശതമാനമായിരുന്നു.

മേൽപ്രകാരം പട്ടികജാതി ഉപപദ്ധതിയിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 2016-2026 കാലയളവിൽ ആകെ വകയിരുത്തിയ 12756.15 കോടി രൂപയുടെ 76.18 ശതമാനം ചെലവഴിച്ചിട്ടുണ്ട്. അതുപോലെ പട്ടികവർഗ്ഗ ഉപപദ്ധതിയിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി ആകെ വകയിരുത്തിയ 1473.73 കോടി രൂപയുടെ 76.97 ശതമാനവും ചെലവഴിച്ചിട്ടുണ്ട്.

**(സി)** കോവിഡ് പ്രതിസന്ധി നിലനിന്നിരുന്ന കാലയളവിലും പട്ടികജാതി-പട്ടികവർഗ്ഗ പദ്ധതികൾക്കായി തുക തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴി ജനസംഖ്യാനുപാതികമായി തന്നെ വകയിരുത്തിയിരുന്നോ ;

**<u>മറുപടി:</u>** കോവിഡ് പ്രതിസന്ധി നിലനിന്നിരുന്ന 2020-21, 2021-22, 2022-23 വർഷങ്ങളിലും പട്ടികജാതി-പട്ടികവർഗ്ഗ ഉപപദ്ധതികളിൽ അവരുടെ ജനസംഖ്യാനുപാതത്തേക്കാൾ ഉയർന്ന പ്ലാൻ വിഹിതം വകയിരുത്തിയിട്ടുണ്ട്. ഈ വർഷങ്ങളിൽ സംസ്ഥാന പദ്ധതി അടങ്കലിന്റെ 9.81 ശതമാനം പട്ടികജാതിക്കാരുടെ ക്ഷേമത്തിനും 2.83 ശതമാനം പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായും വകയിരുത്തിയിട്ടുണ്ട്.

**(ഡി)** പട്ടിജാതി-പട്ടികവർഗ്ഗ പ്ലാനിലെ പദ്ധതികൾക്ക് ജനസംഖ്യാനുപാതികമായി കേന്ദ്ര വിഹിതം ലഭ്യമാണോ ?

**<u>മറുപടി:</u>** പട്ടികജാതി-പട്ടികവർഗ്ഗ പ്ലാനിലെ പദ്ധതികൾക്ക് ജനസംഖ്യാനുപാതികമായി കേന്ദ്ര വിഹിതം ലഭ്യമല്ല. വിവിധ കേന്ദ്ര മന്ത്രാലായങ്ങൾ നടപ്പിലാക്കുന്ന വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ പട്ടികജാതി ഉപപദ്ധതി വിഹിതവും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതവും നീക്കിവയ്ക്കുന്നതാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ള രീതി. പ്രധാനമായും സാമൂഹ്യ നീതിയും ശാക്തീകരണവും മന്ത്രാലയത്തിന്റെ (Ministry of Social Justice And Empowerment) പദ്ധതികൾ പട്ടികജാതി വിഭാഗങ്ങൾക്കും കേന്ദ്ര ഗോത്രകാര്യ മന്ത്രാലയത്തിന്റെ (Ministry of Tribal Affairs) പദ്ധതികൾ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും നേരിട്ടുള്ള പ്രയോജനം നൽകുന്നതാണ്.

**സെക്ഷൻ ഓഫീസർ**